ബി1/168/2023-ടി.സി 07-08-2024

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,**
**വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014**

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

വിഷയം :- മോട്ടോർ വാഹന വകുപ്പ് -സ്റ്റേജ് ക്യാര്യേജ് വാഹനങ്ങളുടെ ടാക്സേഷൻ ഓഫീസറുടെ ചുമതല റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരിൽ നിക്ഷിപ്തമാക്കി നൽകിയ സ്പഷ്ടീകരണം നടപ്പിൽ വരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സംബന്ധിച്ച്

സൂചന :- 1) 27.01.1984 ലെ GO (Rt) 75/84/TF&P നം സർക്കാർ ഉത്തരവ്

2) ഈ ഓഫിസിലെ 16.05.2023 ലെ SSG1/87/2023/ടി.സി നം കത്ത്

2) ഈ ഓഫിസിലെ 22.05.2024 ലെ ഇതേ നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.സ്റ്റേജ്-ക്യാരേജ് വാഹനങ്ങളുടെ ടാക്സേഷൻ ജോലികൾ അതാത് പക്കാ/ടെമ്പററി പെർമിറ്റ് നൽ കിയിട്ടുള്ള ആർ.ടി ഓഫീസുകളിൽ തന്നെ നിർവഹിക്കണമെന്ന് മൂന്നാമത്തെ സൂചനയിലൂടെ സ്പഷ്ടീകരണം നൽകിയിരുന്നു. പരിവാഹൻ പോർട്ടലിലൂടെ സ്റ്റേജ് ക്യാരേജുകളുടെ ടാക്സേഷൻ ജോലികൾ ചെയ്യേണ്ട വിധം ചുവടെ പറയുന്നു.

സ്റ്റേജ് ക്യാരേജ് വാഹനങ്ങളുടെ ടാക്സ് സംബന്ധമായ സേവനങ്ങൾ പക്കാ/ടെമ്പററി പെർമിറ്റ് നൽകുന്ന ഓഫീസിൽ (ആർ.ടി. ഓഫീസിൽ) തന്നെ കൈകാര്യം ചെയ്യേണ്ടതാകുന്നു.

1. നിലവിൽ ഫോം-ജി യിൽ തുടരുന്ന സ്റ്റേജ് ക്യാരേജ് വാഹനങ്ങളുടെ ഫോം-ജി സംബന്ധമായ സേവനങ്ങളുടെ കാലാവധി അവസാനിക്കും വരെ ജി-ഫോം നൽകിയിരിക്കുന്ന ഓഫീസിൽ തന്നെ ടാക്സേഷൻ ജോലികൾ തുടരേണ്ടതാണ്. തുടർ ജി-ഫോം നൽകുന്ന സാഹചര്യത്തിൽ അതേ ഓഫീസിൽ തന്നെ പ്രസ്തുത ജോലികൾ തുടരേണ്ടതാണ്. പൂർ ണ്ണമായും ഫോം-ജിയിൽ നിന്നും വിട്ടുതൽ ചെയ്യുന്ന സാഹചര്യത്തിൽ തുടർ ടാക്സേഷൻ ജോലികൾ പെർമിറ്റ് നൽകുന്ന ഓഫീസിൽ (ആർ.ടി. ഓഫീസിൽ) തന്നെ കൈകാര്യം ചെയ്യേണ്ടതാകുന്നു.[(1)]
2. നിലവിൽ ടാക്സ് ഇൻസ്റ്റാൾമെൻറ് അനുവദിച്ചു നൽകിയിട്ടുള്ള സ്റ്റേജ് ക്യാരേജ് വാഹനങ്ങളുടെ ടാക്സ് ഇൻസ്റ്റാൾമെൻറ് പൂർണ്ണമായി തീരുന്ന മുറയ്ക്ക് തുടർ ടാക്സേഷൻ ജോലികൾ പെർമിറ്റ് നൽകുന്ന ഓഫീസിൽ (ആർ.ടി. ഓഫീസിൽ) തന്നെ കൈകാര്യം ചെയ്യേണ്ടതാകുന്നു.
3. നിലവിൽ വാഹനിൽ പക്കാ/ടെമ്പററി പെർമിറ്റ് ഇല്ലാത്ത സ്റ്റേജ് ക്യാരേജ് വാഹനങ്ങൾ അതാത് രജിസ്റ്ററിങ് ഓഫീസുകളിൽ തന്നെ ടാക്സേഷൻ ജോലികൾ തുടരേണ്ടതാണ്.
4. പക്കാ/ടെമ്പററി പെർമിറ്റ് കാലാവധി കഴിഞ്ഞതായ കാണുന്ന സ്റ്റേജ് ക്യാരേജ് വാഹനങ്ങൾ ആർ.ടി ഓഫീസിൽ ആണെങ്കിൽ, അവയുടെ ടാക്സേഷൻ സംബന്ധമായ ജോലികൾ അവിടെത്തന്നെ തുടരാവുന്നതാണ്.
5. സ്റ്റേജ് ക്യാരേജ് പെർമിറ്റ്/ടെമ്പററി പെർമിറ്റ് നൽകുന്ന ഓഫീസുകൾ ഫ്ലോർ ഏരിയ (ബാധകമായത്) കൃത്യമാണോ എന്നും അടുത്ത പൂർണസംഖ്യയിൽ ആണെന്നും, സീറ്റിംഗ്/സ്റ്റാൻഡിങ് കപ്പാസിറ്റി (ബാധകമായത്) കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. Mofussil Service, Town/City-Service എന്നീ ടൈപ്പുകളിൽ ബാധകമായത് കൃത്യമായി വാഹനിൽ നൽകേണ്ടതാണെന്നും, പെർമിറ്റ് നൽകുന്ന ഓഫീസിൽ വിട്ടു പോകാതെ ഇത് ഉറപ്പ്

വരുത്തേണ്ടതാകുന്നു. ഇത് സംബന്ധിച്ച് SSG1/87/2023/TC,16.05.2023 എന്ന തീയതിയിലെ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാകുന്നു. 15.07.2024 നകം ഈ നിർദ്ദേശം പൂർത്തീകരിക്കേണ്ടതാണ്.

6. ടാക്സേഷൻ സംബന്ധമായ സബ് ആർ.ടി ഓഫീസിൽ നിന്നും ആർ.ടി. ഓഫീസിലേക്ക് ഫയൽ/ വാഹന രേഖ കൈമാറ്റം ചെയ്യുന്നത് പെർമിറ്റ് നൽകിയ അതോറിറ്റിയെ അറിയിക്കേണ്ടതാണ്.

7. സ്റ്റേജ് ക്യാരേജ് വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ മറ്റു സേവനങ്ങൾ വാഹനത്തിൻറെ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയിലോ വാഹനത്തിന് പക്കാ പെർമിറ്റ് നൽകിയ അതോറിറ്റിയിലോ ചെയ്യാവുന്നതാണ്.

8. ഇതിനകം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ക്യാൻസർ ചെയ്യുവാനുള്ള അപേക്ഷ സ്വീകരിച്ചതുമായ കേസുകളിൽ നടപടി/അപേക്ഷ സ്വീകരിച്ച അതോറിറ്റി തന്നെ കൈകാര്യം ചെയ്യാവുന്നതാണ്

ഓഫീസ് മേധാവികൾ മാത്രമേ ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ വാഹന ഡാറ്റ സബ് ഓഫീസിലേക്ക് " പുഷ് " ചെയ്യുവാനോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലേക്ക് " പുൾ" ചെയ്യുവാനോ പാടുള്ളൂ.

സ്റ്റേജ് ക്യാര്യേജുകളുടെ ടാക്സേഷൻ പ്രവർത്തനങ്ങൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മാത്രമാണ് നിർവ്വഹിക്കുകയെന്ന് വളരെ വ്യക്തമായി നോട്ടീസിൽ ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

ജീവനക്കാരുടെ യോഗം ചേർന്ന് നിർദ്ദേശങ്ങൾ വിശദീകരിച്ച് നൽകേണ്ടതും പകർപ്പ് നൽകി കൈപ്പറ്റ് രശീത് വാങ്ങേണ്ടതുമാണ്.

(1) പരിവാഹൻ ആപ്ളിക്കേഷനിലെ ക്രമീകരണങ്ങളുടെ ഭാഗമായാണ് സബ് ഓഫീസുകളിൽ ടി പ്രവർത്തനം താത്കാലികമായി തുടരുന്നത് .ജി ഫോം തീർപ്പാക്കി പെർമിറ്റ് അനുവദിക്കുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരിൽ നിന്നും സാധൂകരണം തേടേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Shaji Madhavan
Date: 07-08-2024 16:51:00

SHAJI MADHAVAN
JOINT TRANSPORT COMMISSIONER (ENFORCEMENT)

പകർപ്പ്:

1 ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) / സീനിയർ ഡി. റ്റി. സി. (ടാക്സ്) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.

2 സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / അസ്സിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ / അക്കൗണ്ട്സ് ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ (ഓഡിറ്റ്).

3 എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും / റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും. / ചെക്ക്പോസ്റ്റിന്റെ ചുമതലയുള്ള മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും - (തുടർ നടപടികൾക്കായി).

4 നോഡൽ ഓഫീസർ (വെബ് സൈറ്റ്) / എസ്. എസ് ജി സെൽ / എസ്.എസ്.ജി വിഭാഗം

(വകുപ്പ് വെബ് സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധികരിക്കുന്നതിനായി)

| |
|---|
| മോട്ടോർ വാഹന വകുപ്പ്, കേരളം |